പത്രക്കുറിപ്പ്

# ഗുണ്ടാനിയമപ്രകാരം മൂന്നാം തവണ അറസ്റ്റിൽ

# വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ സംഘത്തിലെ രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- കൊലപാതകക്കേസ് ഉൾപ്പെടെ നിരവധി ക്രിമിനൽ കേസ്സുകളിലെ പ്രതിയെ ഗുണ്ടാ നിയമപ്രകാരം (കാപ്പ) പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര തൃപ്പാദപുരം ലളിത ഭവനിൽ പശ അനീഷ് എന്ന് വിളിക്കുന്ന അനീഷ് (36)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഗുണ്ടാനിയമപ്രകാരം മൂന്നാം തവണയാണ് ഇയാൾ അറസ്റ്റിലാകുന്നത്. ഇതിന് മുമ്പ് 2014-ൽ ആറ് മാസവും 2018-ൽ ഒരു വർഷവും ഗുണ്ടാനിയമപ്രകാരം ഇയാളെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.




ഇയാൾക്കെതിരെ കഴക്കൂട്ടം, കഠിനംകുളം സ്റ്റേഷനുകളിലായി കൊലപാതകം, കൊലപാതകശ്രമം , ഗുണ്ടാ ആക്രമണം, തട്ടിക്കൊണ്ടുപോകൽ, ആയുധ

നിരോധനനിയമം, കവർച്ച തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം 20-ഓളം കേസ്സുകൾ നിലവിലുണ്ട്. 2017-ൽ കഴക്കൂട്ടത്തുള്ള ഫ്രൂട്ട്സ് കടയിലെ ജീവനക്കാരനായ നെടുങ്കാട് സ്വദേശി മണിയനെ വെട്ടിക്കൊലപ്പെടുത്തിയ കേസ്സിലെ ഒന്നാം പ്രതിയുമാണ് ഇയാൾ. ഏറ്റവും ഒടുവിൽ കഴക്കൂട്ടം സ്വദേശി മൻജിത് എന്നയാളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും അനീഷ് പ്രതിയാണ്. ഇയാൾ ജാമ്യത്തിൽ പുറത്ത് നിൽക്കുന്നത് പ്രദേശവാസികളുടെ സ്വൈരജീവിതത്തിന് ഭീഷണിയാണെന്ന് കാണിച്ച് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ഇയാളെ ആറ് മാസത്തേയ്ക്ക് കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഒളിവിൽ കഴിഞ്ഞു വരികയായിരുന്ന പ്രതിയെക്കുറിച്ച് കഴക്കൂട്ടം സൈബർ സിറ്റി എ.സി.പി ഷൈനു തോമസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു.യു, എസ്.ഐ-മാരായ വിപിൻകുമാർ, ഗോപകുമാർ, സി.പി.ഒ-മാരായ അൻസിൽ, അരുൺ.എസ്.നായർ, സുജിത്, മുജീബ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്.

## വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തിയ സംഘത്തിലെ രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- ചെമ്പഴന്തി അണിയൂരിലെ വീട്ടിൽ മാരകായുധങ്ങളുമായി അതിക്രമിച്ച് കയറി വീട്ടുകാരെ മർദ്ദിച്ചും വീട്ടുപകരണങ്ങൾ അടിച്ചുതകർക്കുകയും ചെയ്ത സംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി

ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെമ്പഴന്തി അയ്യൻകാളി നഗർ കീഴെ പുതുവൽ പുത്തൻ വീട്ടിൽ കിരൺ (26), അയ്യൻകാളി നഗർ ചരുവിൽ വീട്ടിൽ ഉണ്ണി എന്ന് വിളിക്കുന്ന സച്ചു (28) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഇവർ ഈ കേസ്സിലെ അഞ്ചും ആറും പ്രതികളാണ്.


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത
കിരൺ (26), സച്ചു @ ഉണ്ണി (28)

കഴിഞ്ഞ ഏഴാം തീയതിയാണ് സംഭവം നടന്നത്. പ്രതികൾ ഉൾപ്പെട്ട പത്തംഗസംഘം ചെമ്പഴന്തി അണിയൂർ മർക്കസ് നഗർ ജോയി നിവാസിൽ താമസിക്കുന്ന യുവതിയുടെ വീട്ടിൽ രാത്രി 9.00 മണിയോടെ മാരകായുധങ്ങളുമായി അതിക്രമിച്ച് കയറി ജനൽച്ചില്ലുകൾ അടിച്ച് പൊട്ടിച്ചും, സൈക്കിളും ഫർണിച്ചറുകളും അടിച്ച് തകർത്തും, വീട്ടിൽ ഉണ്ടായിരുന്ന യുവതിയെയും മക്കളേയും അമ്മയേയും മർദ്ദിക്കുകയും, ഭർത്താവിനോടൊപ്പം ജോലി നോക്കുന്ന യുവാവിനെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച് വലിച്ചിഴച്ച് സമീപത്തെ തോട്ടിൽ എടുത്ത് എറിഞ്ഞും കടന്നുകളയുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ കഴക്കൂട്ടം സൈബർസിറ്റി എ.സി.പി ഷൈനു തോമസിന്റെ നേതൃത്വത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു.യു, എസ്.ഐ-മാരായ വിപിൻ കുമാർ,

ഗോപകുമാർ, സി.പി.ഒ-മാരായ അൻസിൽ, മുജീബ്, സുജിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പിടികൂടിയത്. ഈ കേസ്സിലെ മറ്റ് പ്രതികളെ പിടികൂടുവാൻ പോലീസ് അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
12-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി